Lalith Babu

**വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിക്കുന്നുവെങ്കിൽ അത് വിവരാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കണം. മറ്റു നിയമങ്ങളുടെ അടിസ്ഥാനത്തിൽ വിവരം നിഷേധിക്കാനാകില്ല**

6. അപ്പീൽ ഹർജിയും രണ്ടാം എതൃകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടും രണ്ടാം എതൃകക്ഷി കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരായി നൽകിയ വിശദീകരണങ്ങളും വിശദമായി പരിശോധിച്ച് കമ്മീഷൻ താഴെ പറയും പ്രകാരം നിരീക്ഷിച്ചു.

i. വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന ഒരു അപേക്ഷ തീർപ്പാക്കുമ്പോൾ, ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയോ അല്ലെങ്കിൽ വിവരാവകാശ നിയമം 8(1) വകുപ്പിലോ 9ാം വകുപ്പിലോ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ മാത്രം നിരസിക്കുകയോ മാത്രമേ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് കരണീയമായിട്ടുള്ളൂ. ഇവിടെ, അപേക്ഷ നിരസിച്ചത്, വിവരാവകാശ നിയമം 8(1) വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും കാരണത്താലല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. വിവരാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും കാരണം ചൂണ്ടി കാണിച്ചുകൊണ്ട് അപേക്ഷ നിരസിക്കുവാൻ നിർദ്ദേശം നൽകുവാൻ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജനറൽ മാനേജർക്ക് അധികാരം ഇല്ലായെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

ii. അപ്പീൽ ഹർജിക്കാരിയുടെ അപേക്ഷ നിരസിച്ചത് നിയമാനുസൃതമല്ലെങ്കിലും സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ജനറൽ മാനേജരുടെ നിർദ്ദേശമനുസരിച്ചാണ് വിവരം നിരസിച്ചതെന്നും വിവരം നിഷേധിക്കണമെന്ന് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് ദുരുദ്ദേശമില്ലായിരുന്നു എന്നതും കണക്കിലെടുത്ത് വിവരാവകാശ നിയമപ്രകാരം ആരംഭിച്ച പിഴ ശിക്ഷാ നടപടികൾ തുടരേണ്ടതില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

7. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

അപ്പീൽ ഹർജിക്കാരി ഒന്നാം എതൃകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം 10.04.2007 തീയതി വച്ച് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ബോർഡ് തീരുമാനത്തിന്റെ പകർപ്പ് ഒന്നാം എതൃകക്ഷി ഈ ഉത്തരവിന്റെ പകർപ്പ് കൈപറ്റി 5 ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരിക്ക് നൽകേണ്ടതാണ്.